(ഡി) പാലത്തിന്റെ ഡിസൈനും സാങ്കേതികാനുമതിയും ബഡ്ജറ്റിൽ മതിയായ തുകയും ഉൾപ്പെടുത്തിയശേഷം പണി ആരംഭിക്കാവുന്നതാണ്.

147 (1368) ഹൗസിംഗ് ബോർഡിന് കിട്ടാനുള്ള തുക

<u>ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഹൗസിംഗ് ബോർഡിന് ഏതൊക്കെ വരുമാന ശ്രേണിയിൽപ്പെട്ട ഏതൊക്കെ ഇനം ഭവനങ്ങൾ നിർമ്മിച്ച് നൽകപ്പെട്ടവരിൽ നിന്നും എന്തു തുക കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുണ്ടെന്ന കണക്ക് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) താഴ്ന്ന വരുമാനശ്രേണിയിലുള്ളവർ കുടിശ്ശിക വരുത്താതിരിക്കുകയും ഉയർന്ന ശ്രേണിയിൽപ്പെട്ടവർ കുടിശ്ശിക വരുത്തിയിട്ടുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കുടിശ്ശിക വരുത്തിയിട്ടുള്ളവർക്കെതിരെ റവന്യൂ റിക്കവറി നടത്താൻ നടപടി കൈക്കൊള്ളുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ നിന്നും ഭവന നിർമ്മാണ വായ്പ എടുത്തിട്ടുള്ളവരിൽ നിന്ന് 31.3.1999 വരെ കുടിശ്ശികയിനത്തിൽ 42.01 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്. തുകയുടെ ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ദുർബല വരുമാന വിഭാഗം	-	7.04 കോടി രൂപ
താഴ്ന്ന വരുമാന വിഭാഗം	-	10.68 കോടി രൂപ
ഇടത്തരം വരുമാന വിഭാഗം	-	17.57 കോടി രൂപ
ഉയർന്ന വരുമാന വിഭാഗം	-	6.72 കോടി രൂപ

പൊതു ഭവന നിർമ്മാണ പദ്ധതിപ്രകാരം ഭവനങ്ങൾ നിർമ്മിച്ച് ഹയർ പർച്ചേയ്സ് വ്യവസ്ഥയിൽ അലോട്ടികൾക്ക് നൽകിയ വകയിൽ 31.3.1999 വരെ കുടിശ്ശികയിനത്തിൽ 3.52 കോടി രൂപയും പിരിഞ്ഞുകിട്ടാനുണ്ട്.

(ബി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ പ്രസക്തമല്ല.

(സി) തിരിച്ചടവിൽ ഗുരുതരമായ, വീഴ്ച വരുത്തിയിട്ടുള്ള ഗുണഭോക്താക്കൾക്കെതിരെ ബോർഡ് റവന്യൂ റിക്കവറിയും മറ്റു നിയമാനുസൃതമായ നടപടിയും സ്വീകരിക്കുന്നുണ്ട്.

148 (1369) ഹൗസിംഗ് ബോർഡിലെ നിയമനങ്ങൾ

<u>ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ</u> :

<u>ശ്രീ. നാലകത്ത് സൂപ്പി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹൗസിംഗ് ബോർഡിൽ സ്ഥിരം ഒഴിവുകളിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എപ്രകാരമാണ് നിയമനം നൽകിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly